# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2400** **19.06.2013**-ൽ മറുപടിക്ക്

## 'എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുവാൻ നടപടി'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുവാൻ ആലോചനയുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ ആയുർവ്വേദ ഹോമിയോ ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഹോമിയോപ്പതി വകുപ്പിനുകീഴിൽ ഇപ്പോൾ 611 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 935 പഞ്ചായത്തുകളിൽ നിലവിൽ ആയുർവ്വേദ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഈ സാമ്പത്തിക വർഷം പുതുതായി എത്ര പഞ്ചായത്തുകളിലാണ് ഇവ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) ഈ സാമ്പത്തിക വർഷം 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്ത് കളിൽ 50 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ഹോമിയോ ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 25 പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ